**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

**വിജ്ഞാപനം**

സ.ഉ.(അച്ചടി) നം. 291 /10/തസ്വഭവ                                തിരുവനന്തപുരം, 2010 നവംബർ 26.

എസ്.ആർ.ഒ. നം.          /2010.- 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994 -ലെ 20) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട്, 2010 ജൂൺ 9-ാം തിയതിയിലെ സ.ഉ.(പി) നം. 117/2010/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2010 ജൂൺ 9-ാം തിയതിയിലെ 1312-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 567/2010 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം താഴെ പറയും പ്രകാരം വീണ്ടും ഭേദഗതി ചെയ്തു കൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ മൂന്നാം ഖണ്ഡികയിൽ "2010 നവംബർ 1-ാം തിയതി മുതൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "എറണാകുളം ജില്ലയിലെ തൃക്കാക്കര ഗ്രാമ പഞ്ചായത്തിന് കാക്കനാട് ആസ്ഥാനമാക്കി തൃക്കാക്കര മുനിസിപ്പൽ കൗൺസിൽ 2010 നവംബർ 30-ാം തിയതി മുതലും മറ്റുള്ളവ 2010 നവംബർ 1-ാം തിയതി മുതലും" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇതു വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ, അതിൻെറ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

നഗര സ്വഭാവമാർജ്ജിച്ച കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം എന്നീ ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തി 2010 നവംബർ 1-ാം തിയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം രൂപീകരിക്കാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ

തൃക്കാക്കര ഗ്രാമ പഞ്ചായത്തിൻെറ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി 2010 നവംബർ 29-ാം തിയതിയിൽ മാത്രമാണ് പൂർത്തിയാകുന്നത്. ആയതിനാൽ തൃക്കാക്കര എന്ന ചെറിയ നഗര പ്രദേശത്തിന് കാക്കനാട് ആസ്ഥാനമാക്കി തൃക്കാക്കര എന്ന പേരിൽ ഒരു മുനിസിപ്പൽ കൗൺസിൽ രൂപീകരിച്ച് പ്രാബല്യത്തിൽ വരുന്നത് 2010 നവംബർ 30-ാം തിയതി ആയി മാറ്റുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.